ഭക്ഷ്യ പദാർത്ഥങ്ങളിലെ കീടനാശിനി/രാസപരിശോധന

15 (T4818) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും പഴം, പച്ചക്കറി, പാൽ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ എത്ര ടൺ വീതം സംസ്ഥാനത്ത് പ്രതിദിനം എത്തുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഭക്ഷ്യ പദാർത്ഥങ്ങളിൽ കീടനാശിനികളും രാസവസ്തുക്കളും ഉപയോഗിക്കുന്നത് തടയുന്നതിനും ആയത് പരിശോധിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന മുഴുവൻ ഭക്ഷ്യവസ്തുക്കളും പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിലുള്ള എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആയത് സംബന്ധിച്ച കണക്കുകൾ വകുപ്പിൽ ലഭ്യമല്ല.

(ബി) സംസ്ഥാനത്തെ ജില്ലാ ഓഫീസുകളിൽ ഓരോ അസിസ്റ്റന്റ് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ്സേഫ്റ്റി ഇന്റലിജൻസ് സ്ക്വാഡും 140 സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസുകളുമാണ് പരിശോധനയ്ക്കായി നിലവിലുള്ളത്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലറ്റിക്കൽ ലാബുമാണ് നിലവിലുള്ളത്.

(സി) അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നത് ഉൾപ്പെടെ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്.

(ഡി) 2003 പരിശോധന നടത്തിയതിൽ 133 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly